**വികേന്ദ്രീകൃത ആശയസംവാദത്തിന് ചട്ടങ്ങളില്ലാത്ത, കേന്ദ്രീകൃത സംവിധാനങ്ങളിൽ അധിഷ്ഠിതമായ എല്ലാ ഇടത്–വലത്, ചുവപ്പ്–പച്ച, മൃദു–തീവ്ര, സമാന്തര പക്ഷങ്ങളെല്ലാം അവസരത്തിനനുസരിച്ച് വർഗ്ഗ സമരങ്ങളെ മറയാക്കുകയും ഭൂമിയുടെ ഉർവരതയെയും, യഥാർത്ഥ ഭൂമിയുടെ അവകാശികളെയും വംശഹത്യ ചെയ്യുന്നു**

**കെ.എ. അമിതാബച്ചൻ**

# ഗോത്രസംസ്കാരം മാനിക്കുന്ന നിയമം

വനം കാക്കുമോ

**വനാവകാശം**

**വിഭവങ്ങൾ** കൈവശപ്പെടുത്താൻ നിയമങ്ങൾ മൂലം തദ്ദേശ ജനസമൂഹത്തിന്റെ വിഭവങ്ങൾക്ക് മേലുള്ള അവകാശങ്ങളെ നിഷേധിക്കുന്നത് ഒരു പുതിയ കാര്യമല്ല, മറിച്ച് ചരിത്രാതീതകാലം മുതൽക്കേ നിലനിന്നുപോന്നിരുന്ന, മർദ്ദിത ചൂഷക സംവിധാനങ്ങളെ കൃത്യമായി വേർതിരിച്ചിരുന്ന ഒരു ചരിത്രപരമായ വസ്തുതകൂടിയാണ്. സാമ്രാജ്യത്വശക്തികൾ വിഭവങ്ങളാൽ സമൃദ്ധമായ ഉഷ്ണമേഖലാപ്രദേശത്തെ രാജ്യങ്ങളെ തങ്ങളുടെ അധീനതയിലാക്കിയ പ്രത്യക്ഷചരിത്രത്തിന്റെ ഏടുകളിൽതന്നെ ഇത് വ്യക്തമായികാണാം. ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ നിലവിൽ വന്ന വനനിയമം 1927 ഇത്തരത്തിൽ തദ്ദേശവനവാസി (ആദിവാസി) സമൂഹങ്ങളെ തങ്ങളുടെ വിഭവങ്ങളിൽ നിന്ന് അന്യവത്ക്കരിച്ചതായി കാണാൻ കഴിയും. തദ്ദേശിയ ഗോത്ര-വനവാസി സമൂഹങ്ങൾക്ക് വനത്തെയും വനവിഭവങ്ങളെയും ശാസ്ത്രീയമായി പരിപാലിക്കാൻ കഴിയില്ല എന്ന നിഗമനത്തിലാണ് 1887 ൽ തുടങ്ങിവച്ച വനനിയമം 1927ലെ രൂപംകൊണ്ടത്. ഇതിലൂടെ വനങ്ങൾക്ക് മേലുള്ള അധികാരം ഗോത്ര-വനവാസി സമൂഹങ്ങളിൽനിന്ന് അതാത് പ്രവിശ്യാസർക്കാരുകളും അതിലൂടെ ഈസ്റ്റ് ഇന്ത്യാകമ്പനിയും ഏറ്റെടുത്തു. 1980 വരെ ഇത്തരത്തിൽ വനങ്ങളുടെ മേലുള്ള ആധിപത്യം പ്രാദേശിക സംസ്ഥാന സർക്കാരുകൾ കൈയ്യാളിവന്നു. ഇത്തരത്തിലുള്ള രീതി അതിഭീകരമായ വനം കൊള്ളയ്ക്ക് കാരണമാകുന്നുവെന്നും അത് നാടിന്റെ പാരിസ്ഥിക സന്തുലിതാവസ്ഥയെ ബാധിക്കുന്നുവെന്നുള്ള തിരിച്ചറിവിലാണ് ഇന്നത്തെ വനസംരക്ഷണനിയമം (1980) നിലവിൽ വന്നത്. ആദിവാസി-ഗോത്ര സമൂഹങ്ങൾക്ക് ലഭിക്കുന്ന ആദ്യത്തെ നിയമപരിഗണന.

വനസംരക്ഷണനിയമം 1980 മൂന്ന് തലത്തിലാണ് ശ്രദ്ധേയമാകുന്നത്. 1. വനാവശ്യങ്ങൾക്കല്ലാതെ (വനേതരാവശ്യങ്ങൾക്ക്) വനഭൂമി കൈമാറുന്നതിന് ശക്തമായ വിലക്കുകൾ കൊണ്ടുവന്നു. 2. വികേന്ദ്രീകരണത്തിന് വിരുദ്ധമെങ്കിലും ഗോത്രയസമൂഹങ്ങളേക്കാൾ പ്രാദേശിക ചൂഷകവർഗ്ഗങ്ങൾക്ക് മേൽക്കോയ്മയുള്ള പ്രവിശ്യാ-സ്റ്റേറ്റ് ഭരണ കൂടങ്ങളിൽനിന്ന് വനഭൂമി കൈമാറ്റത്തിന്റെ അധികാരം കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിലേക്ക് മാറി (ചട്ടങ്ങൾ 2003). 3. വിഭവങ്ങൾ ഉപയോഗിക്കുന്നതിനും (പ്രധാനമായും തടിയേതര വനവിഭവങ്ങൾ - NTFP), വന പരിപാലനത്തിലേർപ്പെടുന്നതിനും (പങ്കാളിത്ത വന പരിപാലനം - PFM) ആദിവാസി ഗോത്രവർഗ്ഗങ്ങൾക്ക് പ്രാതിനിധ്യം നൽകി. ഇതിനെ തുടർന്നാണ് ഇന്ന് കാണപ്പെടുന്ന വനസംര

ക്ഷണ സമിതികളും ഇക്കോഡവലപ്പ്മെന്റ് കമ്മിററികളും (വന്യജീവി സങ്കേതങ്ങളിൽ) രൂപം കൊള്ളുന്നത്. വനപരിപാലന-സംരക്ഷണ കാര്യങ്ങളിൽ ആദിവാസികളുടെ പങ്ക് സജീവമാക്കുന്നതും ഒരുപരിധിവരെ വിഭവങ്ങളുടെ മേലുള്ള അവരുടെ അധികാരം സാധൂകരിക്കപ്പെടുന്നതും ഇതുവഴിയാണ്. ഇതിന് മുമ്പേതന്നെ ഭൂരിഭാഗം യഥാർത്ഥ വനഭൂമികളും തേയില, കാപ്പി തോട്ടങ്ങൾ, വ്യവസായികാവശ്യങ്ങൾക്കുള്ള ഏകവിളത്തോട്ടങ്ങൾ (യൂക്കാലി), തടിയാവശ്യത്തിനുള്ള ഏകവിളത്തോട്ടങ്ങൾ (തേക്ക്), അണക്കെട്ടുകൾ, ഖനനമേഖലകൾ സാധാരണ ജനങ്ങൾ കൈയ്യേറിയ കൃഷിഭൂമികൾ എന്നിവയായി മാറിക്കഴിഞ്ഞിരുന്നു.

1980ലെ വനനിയമം വന്നതിനുശേഷം യഥാർത്ഥ വനഭൂമിയുടെ നാശത്തിന് കുറവുണ്ടായെങ്കിലും ഇന്നും നാടിന്റെ വികസനം എന്നത് മുഖ്യധാരാജനങ്ങളെ നിയന്ത്രിക്കുന്ന സാമ്രാജ്യത്വശക്തികളാൽ തീരുമാനിക്കപ്പെടുമ്പോൾ വികസന പ്രവർത്തനങ്ങളുടെ മറവിൽ വനഭൂമി കൊള്ളയടിക്കപ്പെടുന്നു. ഇവിടെ സാമ്രാജ്യത്വം എന്നത് നമ്മളിലോരോരുത്തരിലും അടങ്ങിയിരിക്കുന്ന വ്യക്തിപരമായ ആസക്തിതന്നെയാണ്. അല്ലാതെ വിദേശികളുടെ മാത്രം കുത്തകയൊന്നും അല്ല. അധികാരത്തിൽ നിന്ന് യഥാർത്ഥ ജനങ്ങളെ മാറ്റിനിർത്തുകയും നിയമത്തിന്റെയും വികസനത്തിന്റെയും നൂലാമാലകളുപയോഗിച്ച് വിഭവങ്ങൾ ഭൂമി എന്നിവ യഥാർത്ഥ പൊതുവിനപ്പുറത്തേക്ക് കൈവശപ്പെടുത്തുന്നതിൽ കമ്മീഷൻ പറ്റുന്ന നമ്മളോരോരുത്തരും ഇതിൽപ്പെടുന്നു.

ഇന്ത്യയിൽ ബ്രിട്ടീഷ്കാരുടെ സമയത്തേക്കാൾ യഥാർത്ഥ വനഭൂമി ഏകവിളത്തോട്ടങ്ങൾക്കും അണക്കെട്ടുകൾക്കും മുഖ്യധാര ജനങ്ങളുടെ കൈയ്യേറ്റങ്ങൾക്കുമായി നശിപ്പിക്കപ്പെട്ടത് സ്വാതന്ത്ര്യാനന്തര ഇന്ത്യയിലാണ്. യഥാർത്ഥ വനഭൂമിയുടെ നാശത്തിന് മുഖ്യധാരാ ജനങ്ങളും വർഗ്ഗ- രാഷ്ട്രീയ പക്ഷങ്ങളും ചുക്കാൻ പിടിക്കുകയും പ്രതിസ്ഥാനത്ത് വനനിയമത്തെയും വനം വകുപ്പിനെയും നിർത്തുകയുമാണ് ചെയ്തത്. അടുത്ത കാലത്ത് ഇന്ത്യയിൽ വനഭൂമി വനേതരാവശ്യങ്ങൾക്കായി ഏറ്റവും അധികം കൈമാറ്റം ചെയ്യപ്പെട്ടത് 11-ാം പദ്ധതിക്കാലത്തെ 2009-10 ലാണ്. അതും നമ്മളെല്ലാം കൊട്ടിഘോഷിക്കപ്പെട്ട ജയറാം രമേഷിനെപ്പോലുള്ള ഭരണാധികാരികൾ പരിസ്ഥിതി മന്ത്രാലയത്തിന്റെ തലപ്പത്ത് ഇരിക്കുന്ന സമയത്ത്! ഇത്തരത്തിൽ വനഭൂമി അന്യാധീനപ്പെടുന്നതിനും ആദിവാസി - ഗോത്ര സമൂഹങ്ങളുടെ നാശത്തിനും പ്രധാനമായ കാരണം വിഭവങ്ങളുടെയും അധികാരത്തിന്റെയും നേരെയുള്ള അധിനിവേശം തന്നെയാണ്. ആദിവാസി ഗോത്ര സമൂഹങ്ങളെ പ്രത്യക്ഷമായും, പരോക്ഷമായും അധികാരത്തിൽ നിന്നും, സ്വയം നിർണയാവകാശത്തിൽ നിന്നും അകറ്റി നിർത്തുന്നത് നമ്മുടെ വികേന്ദ്രീകൃതാസൂത്രണങ്ങളുടെ അടിസ്ഥാനശിലയായ ഗ്രാമസഭകളിൽ തുടങ്ങുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യ ഇത്രയും പ്രായമായിട്ടും, സാക്ഷര കേരളത്തിൽപോലും ആദിവാസി - ഗോത്ര സംസ്കാരങ്ങൾക്ക് തദ്ദേശിയമായ ഒരു വിദ്യാഭ്യാസ പദ്ധതിപോലും ഇല്ല എന്നത് ഇത്തരത്തിലുള്ള പരോക്ഷമായ അധികാരഭ്രഷ്ടിന് അടിത്തറ പാകുന്നു. ശരിയായ വികേന്ദ്രീകൃത ആശയസംവാദത്തിന് ചട്ടങ്ങളില്ലാത്ത, കേന്ദ്രീകൃത സംവിധാനങ്ങളിൽ അധിഷ്ഠിതമായ എല്ലാ ഇടത്-വലത്, ചുവപ്പ്-പച്ച, മൃദു-തീവ്ര, സമാന്തര പക്ഷങ്ങളും അവസരത്തിനനുസരിച്ച് വർഗ്ഗസമരങ്ങളെ മറയാക്കുകയും ഭൂമിയുടെ ഉർവരതയെയും, യഥാർത്ഥ ഭൂമിയുടെ അവകാശികളെയും വംശഹത്യ നടത്തുകയും ചെയ്യുന്നു.

**അടുത്ത കാലത്ത് ഇന്ത്യയിൽ വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഏറ്റവും അധികം കൈമാറ്റം ചെയ്യപ്പെട്ടത് 11-ാം പദ്ധതിക്കാലത്തെ 2009-10 ലാണ്. അതും നമ്മളെല്ലാം കൊട്ടിഘോഷിച്ച ജയറാം രമേഷിനെപ്പോലുള്ള ഭരണാധികാരി പരിസ്ഥിതി മന്ത്രാലയത്തിന്റെ തലപ്പത്ത് ഇരിക്കുന്ന സമയത്ത്!**

## ആദിവാസി ഭൂമിയുടെ അന്യാധീനപ്പെടലും തിരിച്ച് വരവിനുള്ള സാധ്യതയും

വനഭൂമി പലകാര്യങ്ങൾക്കായി കൈമാറ്റം ചെയ്യപ്പെട്ടതിലൂടെ നഷ്ടപ്പെട്ടതെല്ലാം ആദിവാസി ഭൂമി തന്നെയാണ്. യഥാർത്ഥ ആദിവാസി-ഗോത്ര സംസ്കാര താല്പര്യങ്ങൾ മുന്നിൽ വരാത്തതും, അവരുടെ സംസ്കാരത്തിന്റെ (അവരുടെ മാത്രമല്ല ഏതൊരു തദ്ദേശിയ സംസ്കാരത്തിന്റെയും) അന്തസത്തയായ പൊതു (common) എന്ന ആശയം പലപ്പോഴും അവകാളശങ്ങൾക്ക് വേണ്ടിയുള്ള വർഗ്ഗസമരങ്ങളിൽ നിന്നും മാറ്റപ്പെട്ടതുമാണ് യഥാർത്ഥ കാരണങ്ങൾ. വനസംരക്ഷണനിയമം 1980, ചട്ടങ്ങൾ 2003 എന്നതിൽ തന്നെ ആദിവാസി ഗോത്ര വർഗ്ഗങ്ങളുടെ അധികാര പുനസ്ഥാപനത്തിനുള്ള സാധ്യതകൾ ധാരാളമുണ്ടായിരുന്നു. ഇന്ന് വനാവകാശ നിയമം 2006 മുന്നോട്ട് വെയ്ക്കുന്ന പല സാധ്യതകളും വനനിയമത്തിൽ തന്നെയുള്ളതായി കാണാം. എന്നാൽ മുഖ്യധാരാ ജന പക്ഷ -സാമ്രാജ്യത്വ താല്പര്യങ്ങൾ ബോധപൂർവ്വം തന്നെ ഇതിന് പ്രാധാന്യം നൽകിയില്ല എന്നതാണ് സത്യം. കേന്ദ്രനിയമമായ ആദിവാസി ഭൂമിയുടെ അന്യവൽക്കരണം തടയുന്ന Prevention of Alienation of Tribal Land Act (1975) യഥാവിധി നടപ്പിലാക്കാൻ താല്പര്യമെടുക്കാത്തതും ഈ മുഖ്യധാരാ ഭൂമി താല്പര്യം തന്നെയാണ്. ആദിവാസി - ഗോത്ര സംസ്കാരത്തിന്റെ ആധാരമായ പൊതുവിന് പ്രാതിനിധ്യം നൽകാതെ നടന്ന ഭൂമിക്ക് വേണ്ടിയുള്ള സമരങ്ങളെല്ലാം തന്നെ ഗോത്രസമൂഹങ്ങളിൽ ഉപയോഗിച്ചുവന്ന പൊതുഭൂമികളുടെ വ്യക്തിപരമായ അവകാശങ്ങളിലും, തുടർന്ന് അതിലെ വിഭവങ്ങൾ (പ്രധാനമായും മരങ്ങൾ) നീക്കം ചെയ്ത് (കൃഷിക്കെന്ന വ്യാജേന) വനവൽക്കരണത്തിലേക്കും തുടർന്ന് മറ്റ് മുഖ്യധാരാ സ്വകാര്യ വ്യക്തികളിലേക്കോ, കമ്പനികളിലേക്കോ കൈമാറ്റം ചെയ്യപ്പെടുന്നതിലും കലാശിച്ചു. മുഖ്യധാരാ വികസന - രാഷ്ട്രീയ താല്പര്യങ്ങൾ അതിനെ ന്യായികരിച്ചു. പുകയിലക്ക് വേണ്ടി ഏക്കർ കണക്കിനു ഭൂമി വ്യക്തികൾക്ക് കൈമാറിയതു മുതൽ സുസ്‌ലോൺ കമ്പനിയുടെതുവരെ എത്തിനിൽക്കുന്ന അട്ടപ്പാടിയിലെ ആദിവാസി ഭൂപ്രശ്നത്തിലും ഭൂമി തിരികെ നൽകാനുള്ള മുഖ്യധാരാ ചിന്തകളുടെ വ്യഗ്രതയിലും അത് കാണാൻ കഴിയുന്നതാണ്.